# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല — പുതുനഗരം ഗ്രാമപഞ്ചായത്ത് - 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(4), 3(5), 3(6) എന്നിവയ്ക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 3648/15/തസ്വഭവ. തിരുവനന്തപുരം, തീയതി:5/12/2015

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/11/2014-ലെ എം3-49892/14 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24/08/2015-ലെ എൽ.എഫ്.584/പി.റ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം വികലാംഗരായ ഗുണഭോക്താക്കൾക്ക് സ്വയംതൊഴിലിനായി ബാങ്ക് നൽകിയതിൽ സബ്സിഡി ഇനത്തിൽ അധികരിച്ച് ചെലവഴിച്ച 42,000/-രൂപ, ഖണ്ഡിക 3.5 പ്രകാരം മാലിന്യ സംസ്കരണ പ്ലാന്റിനായി വകയിരുത്തിയ തുകമാറ്റി ബിൻ നിർമ്മാണത്തിനായി ചെലവഴിച്ച 69,425/-രൂപ, ഖണ്ഡിക 3.6 പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പരിധിയിൽ കവിഞ്ഞ് കറന്റ് ചാർജ്ജിനത്തിൽ ഒടുക്കിയ 2,08,649/- രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനങ്ങളും ആഡിറ്റ് പരാമർശങ്ങളുടെ പകർപ്പും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശയും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ ഖണ്ഡിക 3.4-ൽ വികലാംഗർക്ക് ബാങ്ക് വിതരണം പരിതിയിലധികം സബ്സിഡി നൽകിയ 42,000/-രൂപ വികലാംഗരും നിർധനരുമായ ഗുണഭോക്താക്കളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും ഗുണഭോക്തൃവിഹിതം അടയ്ക്കാൻ സാധിയ്ക്കാത്ത 8 പേർക്കാണ് സബ്സിഡി നൽകിയിട്ടുള്ളതെന്നും പദ്ധതി നടത്തിപ്പിലൂടെ നിർദ്ധനരും നിരാലംബരുമായ വ്യക്തികൾക്കാണ് ഗുണം ലഭിച്ചത് എന്നുമുള്ള പഞ്ചായത്തിന്റെ അപേക്ഷ പരിഗണനാർഹമാണെന്നും ആയതിനാൽ 42,000/-രൂപയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാനുള്ള തടസ്സങ്ങളും പൊതുജനങ്ങളുടെ ആക്ഷേപം നിലനിൽക്കുന്നതിനാലുമാണ് വേസ്റ്റ് ബിൻ നിർമ്മാണം നടത്തിയതെന്നും നിലവിൽ മാലിന്യ

സംസ്കരണ പ്ലാന്റ് കല്യാണമണ്ഡപത്തിൽ സ്ഥാപിച്ച് പ്രവർത്തിക്കുന്നുണ്ട് എന്ന പഞ്ചായത്തിന്റെ മറുപടി, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ ശുപാർശ എന്നിവ പരിഗണിച്ച് ഖണ്ഡിക 3.5-ൽ തടസ്സപ്പെടുത്തിയ 69,425/-രൂപയ്ക്ക് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. വരുമാനം കുറഞ്ഞ പഞ്ചായത്തായതിനാലും വിവിധ കുടിവെള്ള പദ്ധതിയ്ക്കായി വലിയൊരു തുക കറന്റ് ചാർജ്ജ് ആവശ്യമായതിനാലുമാണ് മെയിന്റനൻസ് ഫണ്ടിൽ നിന്നും തുക വകയിരുത്തി ചെലവഴിച്ചത് എന്നുള്ള ഗ്രാമപഞ്ചായത്തിന്റെ മറുപടി, ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ എന്നിവ പരിഗണിച്ച് മെയിന്റനൻസ് ചാർജ്ജ് ഒടുക്കുന്നതിനായി അനുവദനീയമായതിനാലും അധികം ചെലവഴിച്ച 2,08,649/-രൂപയ്ക്ക് സാധൂകരണം നൽകുന്നതിന് എതിരഭിപ്രായമില്ലെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും പഞ്ചായത്ത് ഡയറക്ടറുടെയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടേയും ശുപാർശയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ഓഡിറ്റ് ഖണ്ഡിക 3(4), 3(5), 3(6) എന്നീ ഖണ്ഡികകൾ പ്രകാരം യഥാക്രമം തടസ്സപ്പെടുത്തിയ 42,000/-(നാല്പത്തിരണ്ടായിരം രൂപ മാത്രം) 69,495/-രൂപ (അറുപത്തിയൊമ്പതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം),2,08,649/- (രണ്ട് ലക്ഷത്തി എണ്ണായിരത്തി അറനൂറ്റി നാല്പത്തിയൊമ്പത് രൂപ മാത്രം) എന്നിവയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി. വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, പുതുനഗരം ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ